പ്ലസ് ടൂ സ്കൂളുകളിൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കാൻ നടപടി

51 (834) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതേവരെ എത്ര ശതമാനം പ്രീ-ഡിഗ്രി സീറ്റുകളാണ് വേർപ്പെടുത്തി പ്ലസ് ടൂ ആക്കി മാറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്ലസ് ടൂ ആരംഭിക്കാൻ അനുമതി നൽകിയ സ്ഥാപനങ്ങളിൽ ക്ലാസ്സുകൾ നടത്താൻ ആവശ്യമായ സൗകര്യങ്ങളുടെ ലഭ്യത പരിശോധിച്ചിട്ടുണ്ടോ;

(സി) പഠനസൗകര്യങ്ങളുടെ അപര്യാപ്തതമൂലം പ്ലസ് ടുവിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ നിലവാരം കുറഞ്ഞു പോകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം പ്ലസ് ടൂ ക്ലാസ്സുകളിൽ ചേരാൻ കുട്ടികൾ വിമുഖരാണെന്ന കാര്യം അറിവുണ്ടോ;

(ഇ) സ്വകാര്യ കോളേജുകളിലെ പ്രീ-ഡിഗ്രി കോഴ്സുകളിലേക്കുള്ള തള്ളിക്കയറ്റംമൂലം സംഭാവന തുക വളരെ വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) ഈ മേഖലയിലെ അനിശ്ചിതത്വം നിലനിർത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 35 ശതമാനത്തോളം സീറ്റുകൾ ആണ് വേർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) അങ്ങനെ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്ലസ് ടൂ കോഴ്സിൽ ചേരാൻ കുട്ടികൾക്ക് വൈമുഖ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇല്ല.

(എഫ്) അനിശ്ചിതത്വം ഉള്ളതായി കരുതുന്നില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly